PROCEEDINGS OF THE TRAVANCORE-COCHIN
LEGISLATIVE ASSEMBLY

SECOND SESSION—1950

Monday, *the 13th November 1950*

Vol. II] OFFICIAL REPORT [No. 20

The Assembly met in the Legislative Chamber, Trivandrum, at Eleven of the clock on Monday, the 13th November 1950 with Mr. Speaker in the Chair.

ADJOURNMENT MOTIONS

മിസ്റ്റർ സ്പീക്കർ: കരിമ്പിന്റെ വിലയെസംബന്ധിച്ചും ശക്കരയുടെ വിലയെ സംബന്ധിച്ചും ഒരു അഡ്ജോൺമെന്റ് മോഷൻ ഇവിടെ കിട്ടിയിട്ടുണ്ട്. അതിനെസംബന്ധിച്ചു ബഹുമാനപ്പെട്ട മിനിസ്റ്റർക്കു വല്ല പ്രസ്താവനകളും ചെയ്യുന്നതിനുണ്ടെങ്കിൽ അപ്രകാരം ചെയ്യാവുന്നതാണ്.

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): സർ, ശക്കരയുടെ വിലയെ നിയന്ത്രിച്ചുകൊണ്ടു ഒരാർഡർ ഇൻഡ്യാ ഗവമ്മെണ്ടു പുറപ്പെടുവിച്ചിട്ടുണ്ട്. അതു് സെൻട്രൽ ഗവമ്മെണ്ടു് അഗ്രിക്കൾച്ചറൽ മിനിസ്ട്രിയിൽ നിന്നാണു്. അതു് ന്യായമായ വിലക്കു് ശക്കര ഉപഭോക്താക്കൾക്കു് കിട്ടുന്നതിനു വേണ്ടിയും പഞ്ചസാര ഉണ്ടാക്കുന്നതിനുവേണ്ടി മില്ലുകളിൽ കരിമ്പു വേണ്ടിടത്തോളം കിട്ടുവാനും അങ്ങിനെ നാട്ടിലെ പഞ്ചസാര ക്ഷാമം ഇല്ലാതാക്കുവാനുംവേണ്ടി പുറപ്പെടുവിച്ചിട്ടുള്ളതാണെന്നാണു് അറിഞ്ഞിട്ടുള്ളതു്. അതനുസരിച്ചു ശക്കരയുടെ വില മന്നിനു് ഇരുപത്തിരണ്ടു രൂപായായി നമ്മുടെ രാജ്യത്തു നിയന്ത്രിക്കയുണ്ടായിട്ടുണ്ടു്. ഇതനുസരിച്ചു് ഒരു പൗണ്ടു ശക്കരക്കു് നാലണ ഒരു പൈ വില വസൂലാക്കുന്നതാണു്. ശക്കരക്കു് ഇതിനേക്കാൾ കൂടുതലായ വില മാർക്കറ്റിൽ ഉണ്ടായിരുന്നു എന്നു ബഹു. സഭക്കുതന്നെ അറിയാവുന്ന കാര്യമാണു്. നമ്മുടെ നാട്ടിൽ ശക്കരയുടെ വില മന്നിനു് ഫ്ലാ രൂപാ എന്നു നിയന്ത്രിച്ചതുകൊണ്ടു് കരിമ്പിന്റെ വിലയും അൽപം ഇടിയുവാൻ ഇടയായിട്ടുണ്ടു്. അതേപ്പറ്റിയാണു് ബഹു. മെമ്പർ അടിയന്തിരപ്രമേയം ഉന്നയിച്ചിട്ടുള്ളതു്.

ഈ ഡിപ്പാർട്ട്മെന്റു് മേലദ്ധ്യക്ഷനുമായി ഇതേ സംബന്ധിച്ചാലോചിച്ചതിൽ ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള വില സാമാന്യം തൃപ്തികരമായ വിലയാണെന്നാണു് തോന്നിയിട്ടുള്ളതു്. ഈ വില മതിയാകുന്നില്ല എന്നു തോന്നുന്ന പക്ഷം ഇതേ സംബന്ധിച്ചു് ഇൻഡ്യാഗവമ്മെണ്ടിന്റെ അടുത്തു നിവേദനം ചെയ്യാവുന്നതാണു്. അതല്ലാതെ ഈ ഗവമ്മെണ്ടിനു് ഈ കാര്യത്തിൽ ഒന്നും ചെയ്യാവുന്നതായില്ല.

ശ്രീ. കെ. എ. മാത്യു: ഈ വില നിശ്ചയിച്ചപ്പോൾ അതിനു മുമ്പായിട്ടു ഇവിടത്തെ ഗവമ്മെണ്ടിനോടു ഇതെ സംബന്ധിച്ചെന്തെങ്കിലും സെൻട്രൽ ഗവമ്മെണ്ടാലോചിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇതേസംബന്ധിച്ചു പ്രൊവിൻഷ്യൽ ഗവമ്മെണ്ടുകളോടാലോചിച്ചതായി കാണുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എ. മാത്യു: തിരുവിതാംകൂർ–കൊച്ചിസംസ്ഥാനത്തിലെ വില നിയന്ത്രിച്ചപ്പോൾ ഇവിടത്തെ വില ഇവിടെയുള്ള കർഷകർക്ക് നഷ്ടമുണ്ടാക്കുന്നതാണെന്നുള്ളതിനെപ്പറ്റി ഇൻഡ്യാ ഗവൺമെണ്ടിനെ അറിയിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇപ്പോൾ നിശ്ചയിച്ചിട്ടുള്ള വില താൽക്കാലികമല്ലെന്നു വരുകയാണെങ്കിൽ അതേപ്പറ്റി ഇൻഡ്യാഗവൺമെണ്ടിനെ അറിയിക്കുന്നതാണ്.

Sri. D. Gnanasigamoni: Is it the hon'ble Minister's opinion that this Government has no administrative responsibility in respect of this matter?

Sri. Panampilli Govinda Menon: It is not that. But this Government will have a voice in the matter.

മിസ്റ്റർ സ്പീക്കർ: ഇതു ഗവൺമെണ്ടിന്റെ ഭരണപരമായ പ്രവർത്തനങ്ങളിൽ ഉൾപ്പെടുന്നതാണെന്നും ഇതുസംബന്ധിച്ചു ഗവൺമെണ്ടു വേണ്ടതു ചെയ്യുന്നതാണെന്നും ബഹു. മന്ത്രി പ്രസ്താവിച്ചുകഴിഞ്ഞു. ആ കാരണങ്ങളാൽ ഈ അടിയന്തിരപ്രമേയം വാദപ്രതിവാദം നടത്താൻ അനുവദിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല.

There is another adjournment motion form another hon'ble member of the House. But I do not find him now in the House. So it falls through.

ശ്രീ. കെ. അയ്യപ്പൻ: സർ, ഒരു പോയിന്റ് ഓഫ് ഓർഡർ. ഈ അഡ്ജോൺമെന്റ് മോഷനും ഷാട്ട്നോട്ടീസ് കൊസ്റ്റ്യനും നോട്ടീസുകൊടുത്തു കഴിഞ്ഞു. അതു കൊടുക്കുന്ന മെമ്പർ ഹാജരാകാതെയിരിക്കുന്നതു ശരിയാണോ? അങ്ങിനെ സഭയുടെ സമയം കളയുന്നതിനനുവദിക്കേണ്ടതാണോ?

മിസ്റ്റർ സ്പീക്കർ: അങ്ങിനെ നോട്ടീസു കൊടുത്തതിനുശേഷം മെമ്പറന്മാർ ഹാജരാകാതിരിക്കുന്നതുകൊണ്ടു സഭയുടെ സമയം കൂടുതൽ കളയേണ്ടിവരുന്നില്ല. അങ്ങിനെ നോട്ടീസു് കൊടുത്തതിനു ശേഷം ഹാജരാകാതിരിക്കുന്നതിനെ തടയുന്നതിലേക്കു ചട്ടങ്ങൾ ഒന്നും കാണുന്നില്ല.

Sri.C . V. Iyyu: Sir, I too had given notice of an adjournment motion. Evidently it has been disallowed in the first instance. Is it the position, that it stands rejected?

Mr. Speaker: That was also attended to and dealt with in due course.

Sri. A. K. George : Sir, I have a point to make. A few da s back a question was raised in this House as to whether Mr. P. T. Chacko, an hon'b'e member of this House could continue his member ship in the present circumstances. The Chair also stated then that the views of the Advocate General will be heard in the matter. May I now know the decision arrived at on that matter.

Mr. Speaker: Steps have been taken to ascertain the relevant details connected with the matter. It is proposed to refer the question to the Advocate-General also for his opinion.

Sri. A. K. George: My point is whether the decision of the Advocate-General on this matter could be heard during this session ?

Mr. Speaker: The Advocate-General's advice will be taken as soon as the matter is ripe for reference to him and the necessary information will be duly placed before the House.

Sri. P. Balakrishnan Tampi: Sir, I stand complimented on being out of the House in connection with an urgent matter pertaining to myself.

Mr. Speaker: But the subject may be renewed again if necessary. Now we will proceed to the business of the day relating to supplementary grants.

DEMANDS FOR SUPPLEMENTARY GRANTS

Sri. A. Thanu Pillai: Sir, on a point of order. There is no provision in the Constitution allowing a token motion of the kind now sought to be moved. We

LIBRARY ARCHIVES Kerala Legislative Assembly